
# THE BIBLE TRUTH



# EXCELLENT OFFER ALMOST FREE !

Receive 20 Attractive All New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.

Also Available Are 20 Books In Hindi Just For Rupees Twenty Only.

All Books Are Mailed Free Of Charge. Send By M.O Only, Which Should Be Addressed To:

Editor,
THE BIBLE TEACHER
C-22, N. D. S E. II
NEW DELHI-110049.


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ, നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിററർ

# ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE　　　　J. C. CHOATE

ooo　　ooo　　ooo

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 10　　March 1997　　No. 12


## എഡിറ്റോറിയൽ

മാനുഷ്യബുദ്ധി ഇന്നു കൃത്രിമത്വത്തിലേക്ക് തിരിഞ്ഞിരിക്കയാണ്. സ്വാഭാവികതയിൽ അവർ തങ്ങളുടെ മനസിനെ തളച്ചിടാൻ ഉദ്ദേശിക്കുന്നില്ല. ശാസ്ത്ര ഗവേഷകൻമാർ അവരുടെ പരീക്ഷണശാലയിൽ പലതും കണ്ടുപിടിക്കുന്ന ത്വരയിലാണവർ. സസ്യജാലങ്ങളിൽ തുടങ്ങി മൃഗങ്ങളിലേക്കു വ്യാപിക്കുന്നു. അവയിൽ നിന്നു മനുഷ്യരിലേക്കും വ്യാപിക്കാം. ക്രമവും ക്രമവിരുദ്ധവുമായ പലതും അതിന്റെ പരിണിതഫലമായി ഉടലെടുക്കും എന്ന കാര്യത്തിൽ സംശയമില്ല. ആരംഭം മുതൽ മനുഷ്യന്റെ മനസിൽ ഓരോന്നു കണ്ടെത്താനുള്ള വാസന അന്തർലീനമായി കിടപ്പുണ്ട്. ആ പരീക്ഷണങ്ങളിൽ ആദ്യത്തേതു അമ്പേ പരാജയമാണ് വരുത്തിവെച്ചത്. ദൂരവ്യാപകമായ ഭവിഷ്യത്ത് നമ്മൾ ഇന്നും അനുഭവിക്കുന്നു. അതു ദൈവത്തിനു എതിരായിട്ടുള്ള, ദൈവത്തിന്റെ നിയമത്തിനു എതിരായ പരീക്ഷണമായിരുന്നു. അതുകൊണ്ടാണ് അതു പരാജയമടയാൻ കാരണം.

ദൈവ നിയമത്തെ മനസിലാക്കി അതിൽ ഊന്നി നില്ക്കുന്ന രീതിയിൽ ഏതൊന്നു കണ്ടുപിടിച്ചാലും അതിന്റെ ഫലം ഗുണപ്രദമായിരിക്കും. അതിനു സംശയം വേണ്ട. കാരണം, ദൈവം വാഗ്ദാനങ്ങളിൽ സ്ഥിരത പുലർത്തുന്ന സ്വഭാവക്കാരനാണ്. അവൻ അതു നിവർത്തിക്കുക തന്നെ

ചെയ്യും. ദൈവ വാക്കിൽ നമുക്ക് വിശ്വാസം അർപ്പിക്കാം അവൻ വാക്കു മാറാത്തവനാണ്. അവന്റെ കല്പനകളും പ്രസ്താവനകളും ഒരിക്കലും മാറ്റം വരുത്താൻ പാടില്ലാത്തതാകുന്നു. ഒരിക്കലും മാറ്റമില്ലാത്ത ദൈവ സ്വഭാവത്തെയാണ് പണ്ഡിതന്മാർ തിരിച്ചറിയേണ്ടത്. ഏതു പ്രകൃതി നിയമമായാലും അതു നിരന്തരമായി വ്യതിചലിക്കാതിരിക്കുന്നതു ദൈവ നിയന്ത്രണത്താലത്രെ. സ്വാഭാവികമായ ജീവിതത്തിനു അവശ്യം വേണ്ടതെല്ലാം ദൈവം ഈ പ്രപഞ്ചത്തിൽ ഒരുക്കിയിരിക്കുന്നു. അതിൽ തൃപ്തരാകാത്തവരാണ് കൃത്രിമത്വത്തിലേക്കു തിരിയുന്നത്. അന്തരിക്ഷത്തിന്റെ നിലനില്പും അതിലെ പ്രവർത്തന ഘടകങ്ങളും എല്ലാം ദൈവ നിയമത്തിനു വിധേയമായിട്ടാണ് ചലിക്കുന്നത്. അതു ഗ്രഹിക്കുവാൻ ദൈവ ജ്ഞാനം ആവശ്യമാണ്.

ഭൂമിയും അതിലെ നിവാസികളും യഹോവക്കുള്ളതാണ്. ദൈവത്തിൽ നിന്നും ദൈവത്തിനാലും ദൈവത്തിങ്കലേക്കുമായിട്ടാണ് സകലവും സൃഷ്ടിക്കപ്പെട്ടതു. ഈ യാഥാർത്ഥ്യമാണ് ശാസ്ത്രീയ ഗവേഷകന്മാർ തിരിച്ചറിയേണ്ടത്. ലോകപ്രകാരം പ്രശസ്തി നേടേണ്ടതിനു അവർ പലതും കണ്ടുപിടിക്കുവാൻ ശ്രമിക്കുന്നു. പക്ഷെ ഗുരുതരമായ പ്രത്യാഘാതം പിന്നീട് ഉണ്ടാകും എന്നോർക്കണം. ദൈവീക പരിജ്ഞാനം നേടുകയും അനുസരിക്കയും ചെയ്‌വാൻ ആദ്യം ശ്രമിക്കണം. പിന്നീട് മനുഷ്യരുടെ ആത്മികമായ, ആന്തരികമായ വ്യക്തിത്വത്തെ വളർത്തിയെടുക്കുവാൻ അവരുടെ കഴിവിനെ ഉപയോഗിക്കയാണ് ചെയ്യേണ്ടത്. നശീകരണ പ്രക്രിയയിൽ നിന്നു ക്രിയാത്മക പ്രയത്നത്തിലേക്കായിരിക്കണം നമ്മുടെ ശാസ്ത്ര പുരോഗതി. പ്രാകൃതമായ നാശത്തിൽ നിന്നും ദൈവീകമായ ജീവങ്കലേക്കു തിരിയുവാനുള്ള ത്വരയാകട്ടെ അവരുടെ അന്തരംഗത്തിൽ നിന്നും ഉയരുന്നത്. ചിന്തിക്കുക, ഉണരുക പ്രവർത്തിക്കുക; അങ്ങനെ ദൈവം അതിനെ നിലനിർത്തട്ടെ.

★

# സഭയിൽ സ്ത്രീകളുടെ പങ്ക്

**J.C. ചോട്ട്**

ലോകത്തിൽ എങ്ങും സംസാര വിഷയമായിത്തീർന്നിരിക്കുന്ന ഒന്നാണ് മനുഷ്യാവകാശം. ഏററവും കൂടുതൽ അതിൽ ഊന്നൽ കൊടുത്തു എടുത്തു കാണിക്കുന്ന വിഷയമാണ് സ്ത്രീകളുടെ അവകാശങ്ങൾ എന്നത്. ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലും മേഖലകളിലും പുരുഷന്മാർക്കൊപ്പം സ്ത്രീകൾക്കും തുല്യത വേണമെന്ന അവകാശം ഉന്നയിച്ചു വരുന്നു; ശമ്പളത്തിലും അതാവശ്യപ്പെടുന്നു. രാഷ്ട്രീയവും സാമൂഹികവുമായ രംഗങ്ങൾ മാത്രമല്ല മതപരമായ കാര്യങ്ങളിലും തുല്യതക്കു വേണ്ടി ശബ്ദം ഉയർത്തി വരികയാണ്. അമേരിക്കയിൽ നിന്നും പൊട്ടി പുറപ്പെട്ട സ്ത്രീ സ്വാതന്ത്ര്യ പ്രസ്ഥാനത്തെ കുറിച്ച് നിങ്ങൾ കേട്ടറിയുമല്ലോ. മററു പല പാശ്ചാത്യ രാജ്യങ്ങളിലും അതു പടർന്നു കഴിഞ്ഞിട്ടുണ്ട്. ലോകത്തിന്റെ മററു പല കോണുകളിലേക്കും ഇതു പല രൂപത്തിൽ കടന്നു ചെന്നിട്ടുണ്ട്.

ഇന്നും ലോകത്തിൽ ചില സമൂഹങ്ങളിൽ സ്ത്രീകൾ വെറും അടിമ വേലക്കാരായ ഉപകരണങ്ങൾ എന്ന രീതിയിൽ കരുതുന്നുണ്ട്. അവർക്കു പരിമിതമായ അവകാശങ്ങളേ ഉള്ളു. അവർ പുറകിൽ അടയ്ക്കപ്പെട്ടവരാകുന്നു. അവർക്കു പുരുഷന്മാർ വലിയ പ്രാധാന്യം ഒന്നും കൊടുക്കാറില്ല. പുറം ലോകത്തിനു അവർ അദൃശ്യരായിരിക്കും. ഇതു തെററു തന്നെയാണ്. തിരുത്തേണ്ടതു ആവശ്യമാണ്. പാശ്ചാത്യ ദേശങ്ങളിൽ പല സ്ഥലങ്ങളിലും സ്ത്രീകൾക്കു തുല്യതക്കു വേണ്ടിയല്ല പോരാടുന്നതു. മേൽക്കോയ്മ അവർക്കു കിട്ടണമെന്ന ഉദ്ദേശത്തിലാണ് ശ്രമം. അവരുടെ വാദഗതിയിൽ ഉയർന്നു നില്ക്കുന്ന ആശയം, സ്ത്രീകൾ ശക്തരായ ഒരു കൂട്ടമാണ്. അത്

കൊണ്ട് പ്രകടമായ സ്ഥിതിയിലേക്ക് അവരെ നയിക്കണമെന്നാണ്. പക്ഷെ അവരുടെ ഈ ഉന്നത്തിൽ സ്ത്രീകളും പുരുഷന്മാരും അന്യോന്യം മത്സരിച്ചു ശത്രുക്കളായി മാറും. അവർ ഉദ്ദേശിക്കുന്നതിൽ നിന്നും വ്യത്യസ്തമായ ഫലമായിരിക്കും സംഭവിക്കുക. ഇങ്ങനെ സംഭവിക്കുന്നത് എത്ര വേദനാജനകമാണ്! എന്തുകൊണ്ടു രണ്ടു കൂട്ടർക്കും അന്യോന്യം ബഹുമാനിക്കയും അവരവരുടെ കഴിവും കഴിവില്ലായ്മയും ബോധ്യപ്പെടുകയും രണ്ടു പേർക്കും വഹിക്കുവാനുള്ള പങ്കുകളും വ്യക്തിപരമായ ആവശ്യങ്ങളും തിരിച്ചറിഞ്ഞുകൂടാ? ആരെയും സമ്മർദ്ദം ചെലുത്തുകയോ അടിച്ചമർത്തുകയോ ചെയ്യാതെ ഒരുമിച്ച്, പ്രവർത്തിച്ചു മുമ്പോട്ട് പോയികൂടേ?. തീർച്ചയായും കഴിയും.

അടുത്തകാലത്തു മതപരമായ പ്രസ്ഥാനങ്ങളിൽ പോലും സ്ത്രീകളുടെ പങ്ക് പരിഗണിക്കത്തക്ക രീതിയിൽ മാററം വരുത്തിയിട്ടുണ്ട്. ചില മത സംഘടനകൾ അവരുടെ സ്ത്രീകളെ ഉപദേഷ്ടാക്കളായും ഒരിക്കൽ പുരുഷന്മാർക്കു മാത്രമായി നീക്കിവെച്ചിരുന്ന മററു നിരവധി സ്ഥാനങ്ങളിലും സ്ത്രീകളെ നിയമിക്കയും ചെയ്യുകയുണ്ടായി. മററു സമുദായങ്ങളിൽ അവരുടെ സംഘടന, സ്ത്രീകളെ ബിഷപ്പുമാരായും പുരോഹിതകളായും നിയമിച്ചു തുടങ്ങി. പലരുടെയും എതിർപ്പുകൾ ഉണ്ടായിട്ടും ഇതിന്റെ പേരിൽ ഭിന്നിപ്പ് ഉണ്ടായിട്ടും ഉന്നതാധികാരികൾ തുടർന്നും ഇത്തരം പദവികളിൽ നിയമിച്ചുകൊണ്ടിരിക്കുന്നു. ഇതിൽ അടങ്ങുന്ന ഔചിത്യവും അനൗചിത്യവും അവർ വേർതിരിച്ച് മനസിലാക്കുന്നില്ല എന്നതാണ് വിചിത്രം.

ഈ മുകളിൽ പറഞ്ഞ കാര്യങ്ങളെല്ലാം ലോകത്തു സംഭവിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ സഭയിൽ ഈ കാര്യങ്ങളെ എങ്ങനെ നാം കൈകാര്യം ചെയ്യണം. സ്ത്രീകളുടെ പങ്ക് സഭയിൽ എന്താണ് എന്നും അതെങ്ങനെ പ്രവർത്തിക്കണമെന്നുമാണ് നാം പരിശോധിക്കേണ്ടത്. നാം നാടോടുമ്പോൾ നടുവേ ഓടണോ? ലോകത്തോടൊപ്പം

സഞ്ചരിക്കണോ? മതപരമായ വിഭാഗങ്ങൾ ചെയ്യുന്നതുപോലെ നാം ചെയ്യണോ? പരസ്യമായി സ്ത്രീകളെ പ്രസംഗിപ്പിക്കയോ, പുരുഷന്മാരുള്ള സഭായോഗങ്ങളിൽ പ്രാർത്ഥനയും പാട്ടും നയിക്കുവാൻ അനുവദിക്കയോ? കർത്തൃമേശ വിഭാഗിക്കുന്നതിന് അവരെ നിയോഗിക്കണോ? നാം സ്ത്രീകളെ മൂപ്പന്മാരായും ശുശ്രൂഷകന്മാരായും നിയമിക്കാമോ? ഈ കാര്യങ്ങളിൽ ഒരിക്കലും നാം ലോകത്തെ അനുകരിക്കേണ്ടതല്ല. നാം സമുദായ വിഭാഗങ്ങളെ അനുകരിക്കേണ്ടവരല്ല. നമ്മുടെ കരുതൽ എപ്പോഴും ദൈവേഷ്ടത്തെ മാനിക്കുന്ന ഒന്നായിരിക്കണം. നാം ചെയ്യുന്നതും തീരുമാനിക്കുന്നതും ദൈവഹിത പ്രകാരമായിരിക്കണം. അതിനു നാം തയ്യാറാകുന്നില്ലെങ്കിൽ പിന്നെ എന്തു ദൈവഭക്തിയാണ് നമുക്ക് ഉള്ളത്.

ഭൂമിയിൽ ഇന്നു അത്തരം തീരുമാനങ്ങൾ എടുക്കുന്നതിനു സഭയിൽ ഒരു മാനുഷിക തല ഇല്ല. മൂപ്പന്മാർക്കോ ഉപദേഷ്ടാവിനോ സഭയ്ക്കു വേണ്ടി അത്തരം ഒരു തീരുമാനം എടുക്കാവുന്നതല്ല. അന്തിമാധികാരം ദൈവത്തിനാണുള്ളത്. അതുകൊണ്ട് ദൈവ വചനം ഈ കാര്യത്തെ സംബന്ധിച്ച് എന്തു പറയുന്നു എന്നതാണ് നാം നോക്കേണ്ടത്. ദൈവം തൻെറ ഇഷ്ടം പൂർണ്ണമായി വെളിപ്പെടുത്തി നമുക്കു തന്നിട്ടുണ്ട്. നമുക്ക് ആവശ്യമുള്ളതു എന്തു എന്നും ആവശ്യമില്ലാത്തതു എന്തു എന്നും നമ്മെക്കാൾ അറിയാവുന്നതു ദൈവത്തിനാണല്ലോ. നാം ദൈവേഷ്ടം സ്വീകരിക്കുമോ നിഷേധിക്കുമോ എന്നതു നമ്മെ സംബന്ധിച്ച കാര്യമാണ്. ദൈവത്തെ പ്രസാദിപ്പിക്കുവാനും അംഗീകരിക്കുവാനും ആഗ്രഹിക്കുന്നവർ അവൻെറ ഇഷ്ടം ഇന്നതെന്നു തിരിച്ചറിഞ്ഞ് പ്രവർത്തിക്കണം.

ആരംഭത്തിൽ ദൈവം മനുഷ്യരെ ആണും പെണ്ണും ആയിട്ടാണ് സൃഷ്ടിച്ചതു എന്നു ദയവു ചെയ്തു ഓർമ്മിക്കുക. ഒരാൾ മറ്റൊരാളെ കൂടാതെ അപൂർണ്ണമാകുന്നു. ഒരാൾക്കു മറ്റൊരാളെ ആവശ്യമാണ്. പുരുഷനെ സ്ത്രീ

യുടെ തലയാക്കി വെച്ചിരിക്കുന്നതു ദൈവമാണ്. മനുഷ്യനു തക്കതായ ഒരു തുണ എന്ന നിലയിലാണ് സ്ത്രീയെ രൂപപ്പെടുത്തുന്നത് തന്റെ ഭാര്യയോട് ക്രൂരമായി, മോശമായി പെരുമാറുവാനുള്ള അധികാരം ഉള്ള ഏകാധിപതിയാണ് പുരുഷൻ എന്നു അതിനർത്ഥമാകുന്നില്ല. അതിന്റെ അർത്ഥമോ പുരുഷൻ ശക്തമായ പാത്രവും സ്ത്രീ ബലഹീന പാത്രവുമാണ്. ആകയാൽ പുരുഷൻ സ്ത്രീയുടെ തലയും കുടുംബനാഥനും ആകുന്നു. സ്ത്രീ, തന്റെ ഭർത്താവിനെ ബഹുമാനിക്കയും അവൻ തന്റേയും കുടുംബത്തിന്റേയും നായകനാണ് എന്ന സത്യം അവൾ തിരിച്ചറികയും വേണം. ആരംഭം മുതൽ ഇന്നുവരെ ദൈവഹിതപ്രകാരമുള്ള പദ്ധതി അതാണ്.

ദൈവത്തിന്റെ പുത്രനായി യേശു ജനിക്കുവാൻ കന്യകയായ മറിയയെ ദൈവം തിരഞ്ഞെടുത്തു എന്നു നമുക്കറിയാം. അവൻ വളർന്നു പരസ്യ ശുശ്രൂഷയിലേക്കു പ്രവേശിച്ചപ്പോൾ 12 അപ്പൊസ്തലന്മാരെ അവൻ തിരഞ്ഞെടുത്തു. അതിൽ ഒരു സ്ത്രീപോലും ഇല്ലായിരുന്നു. എന്താണ് കാരണം? ദൈവം പുരുഷനെ നിർമ്മിച്ചശേഷം അവനു ചില കടമകളും ഉത്തരവാദിത്വങ്ങളും നല്കി. പിന്നെ സ്ത്രീയെയും ഉണ്ടാക്കിയ ശേഷം അവൾക്കും ചില ചുമതലകളും കടമകളും കൊടുത്തു. പുരുഷൻ, തലയായി, നായകനായി, കുടുംബത്തേയും സാമൂഹിക പ്രവർത്തനങ്ങളേയും ആത്മീയ പ്രവർത്തനങ്ങളേയും നടത്തികൊണ്ടുപോകുവാൻ ദൈവം രൂപരേഖ ഒരുക്കി. എന്നാൽ സ്ത്രീയോ മക്കളെ പ്രസവിച്ച്, കുടുംബത്തെ ശ്രദ്ധിച്ച് സംരക്ഷിച്ചു കൊണ്ടു പോവുകയാണ് വേണ്ടത്. ആ നിലയിൽ അവളുടെ പങ്ക് വലുതാണ്. ലോകത്തിൽ നല്ല സ്വാധീനമുള്ള യുവതീയുവാക്കളായി മക്കളെ പഠിപ്പിച്ചെടുക്കുവാൻ സ്ത്രീകൾക്കു കഴിയും.

ലോകത്തിൽ എല്ലാ ജാതികളുടെ അടുക്കലും പോയി സുവിശേഷം അറിയിപ്പാൻ കർത്താവ് കല്പിച്ചതു പുരു

ഷന്മാരായ അപ്പൊസ്തലന്മാരോടായിരുന്നു (മത്തായി 28: 18-20, മർക്കൊസ് 16:15-15). പിന്നീട് മേശകളിൽ ശുശ്രൂഷ ചെയ്‌വാൻ അപ്പൊസ്തലന്മർ തിരഞ്ഞെടുത്തത് പുരുഷന്മാരെയായിരുന്നു. സഭ വർദ്ധിക്കുകയും വളരുകയും ചെയ്തതോടെ മൂപ്പൻമാരെയും ശുശ്രൂഷകൻമാരെയും നിയമിച്ചു. ആ പദവികളിൽ നിയോഗിക്കപ്പെട്ടതും പുരുഷൻമാർ മാത്രമായിരുന്നു.

അതുകൊണ്ടു ചോദ്യം ഉയർന്നേക്കാം. എന്തുകൊണ്ട് സ്ത്രീകളെ അപ്പൊസ്തലൻമാരായോ ഉപദേശകമാരായോ; മൂപ്പൻമാരായോ, ശുശ്രൂഷകമാരായോ യേശുക്രിസ്തുവിൻേറയും പരിശുദ്ധാത്മാവിൻേറയും നിയന്ത്രണത്തിൽ നിയമിച്ചില്ല? സ്ത്രീകൾ തരം താഴ്ന്നവരായിട്ടാണോ? പ്രാധാന്യമില്ലാത്തവരായിട്ടാണോ? അതോ അവർക്ക് ഇതൊന്നും ചെയ്യുവാനുള്ള കഴിവില്ലാത്തതുകൊണ്ടോ? അതൊന്നുമല്ല. ആദ്യമായി നാം മനസിലാക്കേണ്ടതു ദൈവമാണ് ഇതെല്ലാം രൂപപ്പെടുത്തിയത് എന്നത്രേ.

ദൈവത്തിൻെറ നിയമാവലികൾ മനസിലാക്കുവാൻ ദൈവം പുരുഷനെയും സ്ത്രീയേയും നിർമ്മിച്ചതു ഓർമ്മിക്കേണ്ടിയിരിക്കുന്നു. മണ്ണുകൊണ്ടു പുരുഷനെ മെനഞ്ഞു ജീവശ്വാസം ഊതി അവൻ ജീവനുള്ള ദേഹിയായിതീർന്നു. എന്നാൽ സ്ത്രീയെ രൂപപ്പെടുത്തിയത് പുരുഷൻെറ വാരിയെല്ലിൽ ഒന്നു ഊരിയെടുത്തു മാംസം പിടിപ്പിക്കുകയായിരുന്നു. പുരുഷൻ സ്ത്രീയുടെ തലയായിരിക്കണം എന്ന ഉദ്ദേശത്തിലാണ് വ്യത്യസ്ഥമായി അവരെ സൃഷ്ടിച്ചതു എന്നു നമുക്ക് കാണാം.

എന്തുകൊണ്ടാണ് പുരുഷനു ഈ ഉത്തരവാദിത്വം നല്കിയതു എന്നതു വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ആദാം ആദ്യം നിർമ്മിക്കപ്പെട്ടു; പിന്നെ ഹവ്വ; ആദാമല്ല സ്ത്രീ അത്രേ വഞ്ചിക്കപ്പെട്ടു ലംഘനത്തിൽ അകപ്പെട്ടതു (1 തിമൊഥെയോസ് 2:13-14) പുരുഷൻ കുടുംബത്തിൻെറ നായകനും സ്ത്രീയുടെ തലയുമായി ദൈവം വെച്ചിരി

ക്കുന്നതിൻെറ രണ്ടു കാരണങ്ങൾ മുൻപ് പറഞ്ഞവയാണ്. അതുകൊണ്ട് ഭാര്യക്കും കുട്ടികൾക്കും നേതൃത്വം കൊടുക്കുക എന്ന ഉത്തരവാദിത്വം ഭർത്താവിനാണ്. സ്ത്രീയ്ക്കും പുരുഷനും ഇടയിൽ ചർച്ചകൾ നടന്നേക്കാം. എന്നാൽ അന്തിമ തീരുമാനം പുരുഷൻേറതായിരിക്കണം. പുരുഷൻെറ അധികാരത്തെ മാനിക്കാത്ത കുടുംബങ്ങളിൽ പ്രശ്നങ്ങൾ രൂക്ഷമാകും. പുരുഷൻ സ്ത്രീയെ നിർബ്ബന്ധിച്ച് ചെയ്യിക്കുകയല്ല. പിന്നെയോ അന്യോന്യം സ്നേഹിച്ച് ബഹുമാനിച്ച് ദൈവത്തിന്നു കീഴ്പ്പെട്ടു പ്രവർത്തിക്കയാണ്. അങ്ങനെയാകുമ്പോൾ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും. അതല്ലാതെ സ്ത്രീ, പുരുഷനോട് മത്സരിച്ച് തുല്യ പദവി, തുല്യ വേതനം എന്നിങ്ങനെ കുടുംബത്തിലെ പങ്ക് തുടങ്ങിയ കാര്യങ്ങളിൽ പോരാടിയാൽ വഴക്കും ശണ്ഠയും ഉണ്ടാകും.

അതുപോലെ സഭയിലും പരസ്യമായ നേതൃസ്ഥാനം നയിക്കേണ്ടത് പുരുഷന്മാരാണ്. തിരുവെഴുത്തിൽ പുരുഷന്മാർക്കു നിലനിർത്തിയിട്ടുള്ള കടമകളും യോഗ്യതകളും അവരിൽ പാലിക്കപ്പെടണം. പുരുഷൻെറ സ്ഥാനം പുരുഷൻ എടുക്കാതെ വന്നാൽ സ്ത്രീകൾ ആ സ്ഥാനം ഏറെറടുക്കും. അതു ദൈവത്തിൻെറ ക്രമത്തെ ക്രമവിരുദ്ധമാക്കി മാററും. അങ്ങനെയുള്ള സ്ത്രീ പുരുഷന്മാർ ദൈവത്തെ ആദരിക്കാത്തവർ അത്രേ. എന്തുകൊണ്ടു ആളുകൾ ഒരിക്കലും തൃപ്തരാകുന്നില്ല? സ്വന്ത പണിയല്ല, മററുള്ളവരുടെ പണിയാണ് ആളുകൾ ചെയ്യാൻ താല്പര്യപ്പെടുന്നതു. ഒരിക്കൽ പുരുഷന്മാർ മാത്രം കയ്യടക്കി വെച്ചിരുന്ന കായികതലങ്ങളിലും, സ്ഥാപനങ്ങളിലും ജോലി സ്ഥലങ്ങളിലും സ്ത്രീകൾ, പ്രത്യേകിച്ച് യുവതികൾ കയറിപ്പററാൻ ആഗ്രഹിച്ചു നടക്കുന്നു. അതേ സമയം അവരുടെ പല ചുമതലകളും അവർ ചെയ്യാതെ വിട്ടുകളയുന്നു.

★

# യേശുവിന്നായി ജീവിക്കുന്നതിൽ സന്തോഷം

### സി. എം. ഡോണ

ഏതു പ്രായത്തിലായാലും നാളെയെ കുറിച്ച് പദ്ധതി ആവിഷ്കരിക്കുന്നവർ യുവത്വത്തിൽ തന്നെ. ക്രിസ്തീയ ജീവിതം എത്രയും നേരത്തെ തുടങ്ങുമോ അത്രയും നല്ലതു. ക്രിസ്തീയ കുടുംബത്തിൽ വളർത്തപ്പെടുക എന്നതു അഭിമാനകരമായ നേട്ടം തന്നെയാണ് (സദൃശ്യവാക്യങ്ങൾ 22:6; എഫെസ്യർ 6:4). ക്രിസ്തീയ സ്വഭാവവും തത്വവും ജീവിതത്തിൽ സുസ്ഥിരമാക്കി എടുക്കാൻ കഴിയുന്നതു അതു മൂലമത്രെ. നിന്റെ യൌവന കാലത്തിൽ നിന്റെ സ്രഷ്ടാവിനെ ഓർത്തുകൊള്ളുക എന്നു ശലോമോൻ നമ്മെ മുന്നറിയിച്ചിരിക്കുന്നു (സഭാപ്രസംഗി 12:1).

യുവത്വത്തിന്റെ പുരോഗതിക്കു തടസമായിരിക്കുന്നതു പരിചയക്കുറവല്ല. പിന്നെയോ ക്ഷമയില്ലായ്മയാണ്. നമ്മുടെ യുവാക്കൾ ആവേശത്തോടെ തുടങ്ങിവെച്ച പരിപാടികൾ ഭാവിയിൽ നമുക്കായി രൂപപ്പെടുത്തിയതാണ്. നവോത്ഥാന പ്രക്രിയക്കു തുടക്കം കുറിച്ചതാണ്. പക്ഷെ അതു പൂർത്തിയാക്കുവാൻ അവർക്കു കഴിയുന്നില്ല. താഴ്വരയിലേക്ക് ഉരുണ്ടിറങ്ങുന്നവരാകാതെ, പർവ്വതങ്ങളിലേക്ക് കയറി പോകുന്നവരായിരിക്കണം അവർ. നല്ലവരും പ്രഗത്ഭരുമായ പിൻതലമുറക്കാരുടെ കാഴ്ചപ്പാടുകളെ മുന്നിൽ കണ്ടുകൊണ്ടു ഭാവിയിൽ നേടാവുന്ന ലക്ഷ്യത്തിനായി കുതിക്കണം. ശരിയായ ദീർഘ വീക്ഷണം മുന്നിൽ ഉണ്ടായിരിക്കണം. പൂർവ്വിക പിതാക്കന്മാർ നമുക്ക് കാണിച്ചു തന്ന ആത്മീയ സഞ്ചാരപാതയിൽ നിന്നു കൊണ്ടു നമ്മുടെ യുവാക്കൾ തങ്ങളുടെ പ്രയാണം ആരംഭിക്കണം.

ഏററവും വലിയ നിക്ഷേപം ആളുകളിലാണ്. ആളുകളിലെ നിക്ഷേപങ്ങൾ ഉയർന്നു നില്ക്കുന്നതു യുവാക്കളിലും. അതു അവരുടെ സ്വഭാവ രൂപീകരണത്തിലായിരിക്കണം. ഒരാളുടെ സ്വഭാവം നല്ല രീതിയിൽ വളർത്തിയെടുക്കേണ്ടതാണ്. ഇന്നത്തെ യുവ തലമുറയെ എങ്ങനെ നാം വളർത്തുന്നുവോ അതനുസരിച്ചായിരിക്കും നാളത്തെ ലോകം. ഇന്നത്തെ കുട്ടികളാണ് നാളത്തെ പൗരന്മാർ. അവരാണ് രാജ്യത്തെ മുൻപോട്ടു നയിക്കേണ്ടവർ. അക്കത്ത് അടുക്കിവെച്ച പുസ്തകങ്ങൾ ഉണ്ടെന്നു പറഞ്ഞാൽ ഒരു വിദ്യാർത്ഥി പരീക്ഷ പാസാകയില്ല. പണിയുവാൻ തക്ക പ്രാപ്തിയും മനസും എല്ലാമുള്ള പുരുഷന്മാരും സ്ത്രീകളും അടങ്ങുന്ന സമൂഹം നമുക്ക് ആവശ്യമാണ്.

സുവിശേഷ ഘോഷണത്തിനിടയിൽ ജയിലിൽ കഴിയേണ്ടിവന്ന അപ്പൊസ്തലനായ പൌലൊസ് ഫിലിപ്പിയയിലെ സഹോദരങ്ങൾക്ക് ഉത്തേജന ലേഖനമെഴുതി അയച്ചു. ആ പുസ്തകത്തിൽ ഓരോ അദ്ധ്യായത്തിലും സന്തോഷിപ്പിൻ എന്നു പറഞ്ഞിരിക്കുന്നു. പൌലൊസ് സന്തോഷവാനായിരുന്നു. സന്തോഷമില്ലാത്ത ഒരാൾക്ക് സന്തോഷത്തെ കുറിച്ച് എഴുതുവാൻ കഴിയുകയില്ലല്ലൊ. എല്ലാ സന്തോഷങ്ങളും യുവാക്കളിലോ ആരോഗ്യമുള്ളവരിലോ പരിമിതപ്പെടുന്നില്ല. ഒരു വ്യക്തിയുടെ ഉള്ളിൽ നിന്നു പുറപ്പെടുന്ന ഒന്നാണ് സന്തോഷം. ഒന്നും കൂടാതെ ഒരാൾക്കു സന്തോഷിപ്പാൻ സാദ്ധ്യമല്ല. ദൈവത്തിൽ നിന്നുമുള്ള സത്യം ഒരാൾ ഹൃദയ പൂർവ്വം അനുസരിക്കുമ്പോൾ മാത്രമാണ് ഇതുണ്ടാകുന്നതു. ദൈവേഷ്ട പ്രകാരം ജീവിക്കുവാൻ തുടങ്ങുന്ന ഒരാളുടെ അന്തർഭാഗത്തു നിന്നു ബഹിർഗമിക്കുന്ന ഒന്നാണ് ആഹ്ളാദം.

ബാല്യം മുതൽ പ്രായമാകുന്നതുവരെ ജീവിതത്തിൽ നാം പറയുന്നതും പ്രവർത്തിക്കുന്നതുമായ ചെറുതും വലുതുമായ ഓരോ കാര്യങ്ങളാണ് നമ്മെ സന്തോഷമുള്ളതാക്കി തീർക്കുന്നത്. ബാല്യകാലത്ത് സന്തോഷിക്കാൻ കഴി

യാതിരുന്നവരെ പിന്നീട് സന്തോഷിപ്പിക്കാൻ ശ്രമിച്ചാലും
അതു പാഴ്‌വേലയായി തീരും. അവർക്കു പ്രയാസമായി
രിക്കും അതു. പക്ഷെ ദൈവത്തോട് അടുക്കുമ്പോൾ അ
വർക്കുണ്ടാകുന്ന പ്രമോദം തീർച്ചയാണ്. ആശയങ്ങളാ
ണല്ലൊ ജീവിതത്തെ രൂപപ്പെടുത്തുന്നത്. ദുഷ്ടന്മാർ
എന്തുകൊണ്ടാണ് ദോഷം പ്രവർത്തിക്കുന്നതു? അവർ ചി
ന്തിക്കുന്നതു ദോഷമായിട്ടാകുന്നു. അതു പ്രവർത്തിയി
ലും പ്രകടമാകുന്നു. എന്തുകൊണ്ടാണ് ചിലർ നല്ലവരാ
യിരിക്കുന്നത്? അവരുടെ മനസ്സിലും ഹൃദയത്തിലും ഉരു
ത്തിരിയുന്ന ചിന്തകളും നിരൂപണങ്ങളും മോശമല്ലാത്തതു
കൊണ്ടാണ് കുട്ടിക്കാലം മുതൽ പ്രായപക്വതയിലെത്തും
വരെ കിട്ടുന്ന പരിശീലനവും ചുററുപാടും അനുസരിച്ചാ
യിരിക്കും നമ്മുടെ സ്വഭാവ രൂപീകരണം (സദൃശ്യവാക്യ
ങ്ങൾ 23:7).

ജീവിതത്തിൽ സുപ്രധാനമെന്നു പരിഗണിക്കപ്പെട്ടി
രിക്കുന്ന അനേകം കാര്യങ്ങൾ സന്തോഷം തരുന്നവയല്ല.
സന്തോഷ ശക്തിയെ നിഷ്പ്രഭമാക്കുന്നതാണ് വിചാര
പ്പെടൽ. പലതിനെ കുറിച്ച് ചിന്തിച്ച് വേവലാതി പൂ
ണ്ടിരിക്കുന്നതുകൊണ്ട്, യാതൊന്നിനും മാററം വരുത്താ
നോ നിയന്ത്രിക്കാനോ നമുക്ക് പററുകയില്ല. മററാർക്കും
സാദ്ധ്യമായില്ലെങ്കിൽ അതു അപ്രാപ്യമെന്ന് വിചാരിച്ച്
നിരാശപ്പെടരുത്. നിഷേധാത്മകമായ ചിന്തകൾക്കു പ
കരം ശുഭാപ്തി വിശ്വാസത്തോടെ കാര്യങ്ങൾ പ്രവർത്തി
ക്കാൻ തയ്യാറാകണം. നമ്മുടെ ജീവിതത്തിലെ പ്രധാന കാ
ര്യങ്ങൾ ഏതാണു സന്തോഷമുണ്ടാക്കി തീർക്കുന്നതെന്ന്
തിരിച്ചറിഞ്ഞ് പ്രയത്നിക്കണം. ജഢികമായ ഇച്ഛ
കൾക്കു വാരി കോരി പണം ചെലവാക്കുന്നതിനെക്കാൾ
ദൈവത്തിങ്കലേക്കു അടുക്കുവാൻ സമയം കണ്ടെത്തുന്നതാ
ണ് അഭിമാനം. സന്തോഷത്തിന്റെ അനുഭവം ജഢിക സു
ഖത്തിലല്ല. ആത്മീകമായ കാര്യങ്ങളിലാണ് നിലനില്
ക്കുന്ന സന്തോഷം ഉള്ളതു ലൗകിക കാര്യങ്ങളിൽ നിന്നു ല

ഭിക്കുന്ന തൃപ്തിയേക്കാൾ വലുതും നീണ്ടു നില്ക്കുന്നതുമായ ഒന്നാണ് ദൈവത്തോട് അടുക്കുന്നവർക്ക് ദൈവം നല്കുന്നത്.

ദിനചര്യകൾ നന്നായി ചെയ്തതുകൊണ്ടു ലഭിച്ച സന്തോഷത്തെ നാം ഉയർന്ന സ്ഥാനത്തു നിന്നു വീക്ഷിക്കരുത്. മുൻപത്തെ പോലെ തന്നെ ഇപ്പോഴും ആനന്ദത്തിനു പിന്നിൽ ഒരു രഹസ്യം ഉണ്ട്. കഴിയുന്നതും സ്വാർത്ഥത മറക്കുക എന്നതാണതു. അതോടൊപ്പം നമ്മെ തന്നെ മററുള്ളവരുമായി പങ്കിടുകയും വേണം. മററുള്ളവരുടെ ഭാരം നാം ഏറെറടുക്കുകയാണ് വേണ്ടത്, തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ; ഇങ്ങനെ ക്രിസ്തുവിൻെറ ന്യായപ്രമാണം നിവർത്തിപ്പിൻ (ഗലാതൃർ 6:2). മററുള്ളവരുടെ ജീവിതത്തിൽ സൂര്യകിരണങ്ങൾ പതിക്കുവാൻ, ശോഭയേൽക്കുവാൻ നാം മററുള്ളവരുടെ ഭാരം ചുമന്നു ചുമന്നു പരിശീലിക്കുമ്പോൾ നമ്മുടേതു ലഘൂകരിക്കപ്പെടുന്നതായി കാണാം. ശരിയായ വിദ്യാഭ്യാസം നടത്തുന്ന പരിശീലന രംഗത്താണ് സ്ഥിതി ചെയ്യുന്നതു.

ദൈവ സഹായം ഈ അവസരത്തിൽ തേടേണ്ടതായിട്ടുണ്ട്. അങ്ങനെയെങ്കിലേ ശക്തി സംഭരിച്ച് ക്ഷമയോടെ ആ ഭാരം വഹിച്ച് അതു കുറയ്ക്കുവാനുള്ള കഴിവ് നേടുവാൻ പററു. മറെറാരാളുടെ ഭാരം ലഘുവാക്കി കൊടുക്കുന്ന സന്ദർഭത്തിൽ ആ വ്യക്തിക്ക് അനുഭവപ്പെടുന്ന സന്തോഷത്തിൽ നമുക്ക് ചാരിതാർത്ഥ്യമുണ്ടാകും. ക്രിസ്തുവിൻെറ താഴ്മയും സൗമ്യതയും നാം അറിഞ്ഞിരിക്കണം. (2 കൊരിന്ത്യർ 10:1). അവൻെറ ആ ആത്മാവിനെ നാം കടമെടുക്കണം. അങ്ങനെയായാൽ ദിവ്യസ്വഭാവും നാം ദൈവ സ്വഭാവങ്ങളുടെ കൂട്ടാളികളാകും (2 പത്രൊസ് 1:4).

(ശേഷം അടുത്ത ലക്കത്തിൽ)

★

# നാവ്

## ജിം വുഡെൽ

മനുഷ്യ ശരീരത്തിലെ ഏറ്റവും ചെറിയ ഒരവയവമാണ് നാവ്. ആ നാവിനെ പലപ്പോഴും നിയന്ത്രിക്കാൻ നമുക്ക് കഴിയാതെ പോകുന്നുണ്ട്. തിരുവെഴുത്തിൽ നാവിനെ അടക്കുവാൻ ശീലിക്കണം എന്നു പ്രതിപാദിച്ചിട്ടുണ്ട്. യാക്കോബിന്റെ ലേഖനത്തിൽ കുതിരയെ അധീനമാക്കുവാൻ വായിൽ കടിഞ്ഞാൺ ഇട്ടു അതിന്റെ ശരീരം മുഴുവൻ തിരിക്കുന്നുവല്ലൊ. കപ്പലും എത്ര വലിയതു ആയാലും കൊടുങ്കാറ്റ് അടിച്ചു ഓടുന്നതായാലും അമരക്കാരൻ ഏറ്റവും ചെറിയ ചുക്കാൻ കൊണ്ട് തനിക്കു ബോധിച്ച ദിക്കിലേക്കു തിരിക്കുന്നു. അങ്ങനെ തന്നെ നാവും ചെറിയ അവയവമെങ്കിലും വലിയ വമ്പു പറയുന്നു. കുറഞ്ഞ തീ എത്ര വലിയ കാടു കത്തിക്കുന്നു. നാവും ഒരു തീ തന്നെ (യാക്കോബ് 3:3-4).

കുതിരയെ നിയന്ത്രിക്കാൻ ഉപയോഗിക്കുന്ന കടിഞ്ഞാൺ കുതിരയിൽ നിന്നു നീങ്ങിയാൽ കുതിര തനിക്കു ഇഷ്ടമുള്ള ദിക്കിലേക്കു, ഇഷ്ടമുള്ള രീതിയിൽ, വേഗതയിൽ സഞ്ചരിക്കാനിടയുണ്ട്. അതുപോലെ തന്നെ കപ്പിത്താൻ കപ്പൽ നിയന്ത്രിക്കുന്ന ചുക്കാൻ നേരെ പിടിക്കുന്നില്ലെങ്കിൽ വിചാരിക്കുന്ന ദിക്കിലേക്കോ വേഗതയിലേക്കോ ആയിരിക്കയില്ല സഞ്ചാരം. ഇങ്ങനെ സംഭവിച്ചാൽ രണ്ടിലും ആൾ നാശവും വസ്തു നാശവുമാണ് ഫലം. ലൗകികമായ വസ്തുക്കളുടെ ഉപയോഗം നോക്കി മാനുഷിക ജീവിതത്തിലെ പല കാര്യങ്ങളും നമുക്കു ഗ്രഹിക്കാം.

നമ്മുടെ ശരീരത്തിലെ ചെറിയ അവയവമായ നാവിനു ശരീരത്തിൽ വലിയ സ്വാധീനം ചെലുത്തുവാൻ കഴിയും. ശരിക്കു ശ്രദ്ധിച്ചില്ലെങ്കിൽ അതു നാശം വിതെക്കും എന്ന കാര്യത്തിൽ സംശയിക്കയേ വേണ്ട. വ്യക്തികളെ, വീടുക

ളെ, സഭകളെ നശിപ്പിക്കുന്നതിൽ വലിയൊരു പങ്ക് നാവി നുണ്ടായിട്ടുണ്ട്. അതിരു കവിഞ്ഞ സംസാരം നിമിത്തം പല വിധ ദോഷങ്ങൾ സംഭവിക്കുമെന്നർത്ഥം. ഹൃദയ ഭേദകങ്ങളായ വർത്തമാനത്തിന്റെ ഫലമായി മരണങ്ങൾ നട ന്നിട്ടുണ്ട്. എന്തിനേറെ യുദ്ധങ്ങൾ പോലും സംഭാഷണ ത്തിൽ വന്ന പിശക് കൊണ്ട് പൊട്ടിപുറപ്പെട്ടിട്ടുണ്ട്. ദൈ വം പറയുന്നതു മരണവും ജീവനും നാവിന്റെ അധികാര ത്തിൽ ഇരിക്കുന്നു. എന്നത്രെ (സദൃശ്യവാക്യങ്ങൾ 18:21).

പല സ്ഥലങ്ങളിലും വനം കത്തി നശിക്കുന്നതു നി ങ്ങൾ കാണുകയോ കേൾക്കുകയോ ചെയ്തിരിക്കാം. ഒരു പക്ഷെ ഒരു തീപ്പൊരി വീണതായിരിക്കാം കാരണം. അ ല്ലെങ്കിൽ ആരെങ്കിലും ബീഡിയോ സിഗററ്റോ വലിച്ച് കുറ്റി എറിഞ്ഞതാകാം. എങ്ങനെയാണെങ്കിലും ഒരു ചെ റിയ തീപ്പൊരി എത്ര വലിയ കാടായാലും അതു കത്തി ന ശിക്കത്തക്കതായി പടർന്നു പിടിക്കും. പടർന്നു പിടിച്ചാ ൽ പിന്നെ പെട്ടെന്ന് ആർക്കും അതിനെ അണയ്ക്കാൻ ക ഴിയാതെ വരുന്നു. തീക്കളി കൈ വിട്ട കളിയാണ് എന്നു പറഞ്ഞു കേൾക്കാറുണ്ട്, അതു ശരിയാണ്. നമ്മുടെ ബുദ്ധിയെ ഉണർത്തുന്നതാണ് ഇത്തരം സംഭവങ്ങൾ.

പണ്ട് ആളുകൾ കൃഷി ചെയ്തിരുന്നത്, പുരയിട ങ്ങളിലും വയലിലും വളർന്നു നില്ക്കുന്ന പുല്ലും കാടും എല്ലാം ചുട്ടെരിച്ചശേഷമായിരുന്നു. വയലുകളിൽ ചവ റുകൾ കൂട്ടി തീ ഇടാറുണ്ട്. ഉണങ്ങിയ ചപ്പുകൾ കൂട്ടി കത്തിക്കുവാൻ ഒരു ചെറിയ തീപ്പെട്ടിയും കോലും ആണ് ഉപയോഗിച്ചിരുന്നതു. തീപ്പെട്ടി കണ്ടു പിടിച്ച് ഉപ യോഗിക്കുന്നതിനു മുൻപാണെങ്കിൽ കല്ലുകൾ തമ്മിൽ ഉര സി തീയുണ്ടാക്കുന്നു. അങ്ങനെയുണ്ടാകുന്ന തീപ്പൊരിയാ ണ് കത്തിക്കുവാൻ ഉപയോഗിക്കുന്നതു.

ഞാനൊരിക്കൽ ബൈബിൾ പഠനം പൂർത്തിയാക്കി തിരിച്ചു വരുമ്പോൾ ഒരു ഓലമേഞ്ഞ വീട് തീയ്ക്കിരയാ

കുന്നതു കാൺമാനിടയായി. സംഭവം നിസാരമായിരുന്നു. ഒരു പന്ത്രണ്ടുകാരി പെൺകുട്ടി വിളക്കു കത്തിച്ചു എന്തോ അന്വേഷിക്കയായിരുന്നു. ആ തീനാളം തുണിയിൽ പിടിച്ചു ഓലയിലേക്ക് ആളിക്കത്തി. അടുത്തുള്ളവർ ബക്കററുകളും പാത്രങ്ങളും നിറയെ വെള്ളമെടുത്ത് അണെക്കുവാൻ ശ്രമിച്ചു. പക്ഷെ എല്ലാം അതിനിടയിൽ കത്തി നശിച്ചു. ചെറിയൊരു തീനാളം അശ്രദ്ധമായ കൈകാര്യം നിമിത്തം എല്ലാം നിമിഷങ്ങൾക്കുള്ളിൽ ചാമ്പലായി. ആളപായം ഒന്നുമുണ്ടായില്ല. എങ്കിലും ആ കുടുംബത്തിനു അതൊരു വലിയ നഷ്ടമായിരുന്നു.

അനീതി നിറഞ്ഞ ലോകമണ് നാവെന്നു പറയാം. ശരീരത്തിനു കറ പുരളാൻ മതിയായ ഘടകമാണ് നാവ്. ജീവ ചക്രത്തിനു തീ കൊളുത്തി വിടാൻ പററിയ ഒന്നാണ് നാവ്. അതുകൊണ്ട് സൂക്ഷിക്കേണ്ടതു അവനവൻ തന്നെയാണ്. പൌലോസ് നമ്മെ മുന്നറിയിച്ചിരിക്കുന്നത് "അന്യോന്യം കടിക്കയും തിന്നുകയും ചെയ്താലോ ഒരുവനാൽ ഒരുവൻ ഒടുങ്ങി പോകാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ (ഗലാത്യർ 5:15). അരുതാത്തതു സംസാരിച്ച് മററുള്ളവരെ വൃണപ്പെടുത്തുന്ന രീതി ഒരു ദൈവ പൈതൽ ഉപേക്ഷിക്കണം. വാക്കുകൾ ഉപയോഗിക്കുന്നതു വളരെ സൂക്ഷിച്ചു വേണമെന്നർത്ഥം. മറെറാരാൾക്കു ദോഷം സംഭവിക്കാത്ത രീതിയിൽ സംസാരിക്കുവാൻ ശീലിക്കണം.

മരണകരമായ വിഷം അടങ്ങുന്നതാണ് നാവെന്ന് യാക്കോബ് നമ്മെ ഓർപ്പിക്കുന്നുണ്ട് (യാക്കോബ് 3:8). ബൈബിളിൽ പറഞ്ഞിരിക്കുന്ന അനേക പാപങ്ങളിൽ പലതും നാവിൻെറ കുഴപ്പം നിമിത്തം വരുന്നതാണെന്ന് നമുക്ക് പരിശോധിച്ചാൽ അറിയാം. പരദൂഷണം, നുണ, അപവാദം, ദുർഭാഷണം, തുടങ്ങിയവ എടുത്തു പറയാവുന്നതാണ്. സംസാരത്തിൻെറ അനന്തര ഫലമായി കോപം, ക്രോധം, ഭീഷണി, കുല എന്നിവയെല്ലാം ഉണ്ടാകുന്നു. പത്രോസ് പ്രബോധിപ്പിച്ചിരിക്കുന്നതു: ക്രിസ്ത്യാനികൾ എല്ലാനു

ണയും, ദുർഭാഷണവും, വ്യാജഭാവവും നീക്കികളയണമെന്നാണ് (1 പത്രൊസ് 2:1). എല്ലാ കയ്പും കോപവും ക്രോധവും കൂററാരവും ദൂഷണവും സകല ദുർഗുണവുമായി നിങ്ങളെ വിട്ടു ഒഴിഞ്ഞു പോകട്ടെ. നിങ്ങൾ തമ്മിൽ ദയയും മനസലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ (എഫെസ്യർ 4:31-32).

നാവിനെ നിയന്ത്രിക്കുവാനായി നാം ദൈവത്തിന്റെ സഹായം തേടേണ്ടതു ആവശ്യമാണ്. ധനവാനായ ഒരു യൗവ്വനക്കാരൻ തന്റെ ആത്മാവിന്റെ രക്ഷയേക്കാൾ അവന്റെ ധനത്തെ സ്നേഹിച്ചതുകൊണ്ടു അവൻ യേശുവിനെ വിട്ടു പൊയ്ക്കളഞ്ഞു. അപ്പോൾ യേശു പറഞ്ഞതു: ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതു ഒട്ടകം സൂചിക്കുഴയിൽ കൂടെ കടക്കുന്നതിനെക്കാൾ എളുപ്പം എന്നത്രേ. എന്നാൽ ആർക്കു കഴിയും എന്നതിനു പറഞ്ഞ മറുപടി ദൈവത്തിനു സകലവും സാദ്ധ്യമത്രെ എന്നാണ്. മനുഷ്യർക്കു അസാദ്ധ്യമായതു ദൈവത്തിനു സാദ്ധ്യമത്രെ (ലൂക്കൊസ് 18:24-27). ദൈവത്തിനു നമ്മുടെ നാവുകളെ മെരുക്കാൻ കഴിയും.

നാവുകളെ മെരുക്കുവാനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ ചിലതു നോക്കുക. പറയേണ്ടതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുക. മററുള്ളവരുടെ നല്ല ഗുണങ്ങൾ മാത്രം എടുത്തു പറയുക. രഹസ്യ സംഭാഷണങ്ങൾ സൂക്ഷിച്ചു നടത്തുക. അഭിനന്ദനം പ്രകടിപ്പിക്കാൻ മറക്കരുത്. നിരന്തരം പ്രാർത്ഥിക്കുവാൻ ശീലിക്കുക. പറയരുതാത്തതിൽ നിന്നു വിട്ടുനില്ക്കണം. നുണ, ദൂഷണം, അഹംഭാവം, പരദൂഷണം എന്നിവ ഉപേക്ഷിക്കണം. നാവിനെ അടക്കുവാനുള്ള നിർദ്ദേശങ്ങൾ നല്കുന്ന വാക്യങ്ങളെ ഹൃദിസ്ഥമാക്കുക (സദൃശ്യവാക്യങ്ങൾ 18:21; മത്തായി 12:36-37; എഫെസ്യർ 4:29; കൊലൊസ്യർ 4:6)

★

# വെളിച്ചത്തിന്റെ മക്കൾ ആയി നടപ്പിൻ

ജോ. T.S

ജീവിത കാലയളവിലെ "മുൻപും പിൻപും" സൂചിപ്പിച്ചുകൊണ്ട് അപ്പൊസ്തലനായ പൌലൊസ് നിരവധി ലേഖനങ്ങളിൽ കൂടെ അനവധി സഭകൾക്ക് എഴുതി അയക്കുന്നുണ്ട്. "അന്യായം ചെയ്യുന്നവർ ദൈവ രാജ്യം അവകാശമാക്കുകയില്ല; എന്നു അറിയുന്നില്ലയോ? നിങ്ങളെത്തന്നെ വഞ്ചിക്കാതിരിപ്പിൻ: ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, പുരുഷകാമികൾ, കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ടാണക്കാർ, പിടിച്ചു പറിക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല. നിങ്ങളും ചിലർ ഈ വകക്കാരായിരുന്നു; എങ്കിലും നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും നിങ്ങളെത്തന്നെ കഴുകി ശുദ്ധീകരണവും നീതീകരണവും പ്രാപിച്ചിരിക്കുന്നു" (1 കൊരിന്ത്യർ 6:9-11). "അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളേയും അവൻ ഉയിർപ്പിച്ചു. അതിൽ നിങ്ങൾ മുമ്പെ ഈ ലോകത്തിന്റെ കാലഗതിയെയും ആകാശത്തിലെ അധികാരത്തിനും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിനു അധിപതിയായവനെയും അനുസരിച്ചു നടന്നു. അവരുടെ ഇടയിൽ നാം എല്ലാവരും മുമ്പെ നമ്മുടെ ജഡമോഹങ്ങളിൽ നടന്നു ജഡത്തിനും മനോവികാരങ്ങൾക്കും ഇഷ്ടമായതു ചെയ്തും കൊണ്ടു മററുള്ളവരെ പോലെ പ്രകൃതിയാൽ കോപത്തിന്റെ മക്കൾ ആയിരുന്നു. കരുണാ സമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാ സ്നേഹം നിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോട് കൂടെ ജീവിപ്പിക്കുകയും ചെയ്തു (എഫെസ്യർ2:1-4).

''ആകയാൽ നിങ്ങൾ മുമ്പേ പ്രകൃതിയാൽ ജാതികളായിരുന്നു; ജഡത്തിൽ കയ്യാലുള്ള പരിച്ഛേദന ഏററു പരിച്ഛേദനക്കാർ എന്നു പേരുള്ളവരാൽ അഗ്ര ചർമ്മക്കാർ എന്നു വിളിക്കപ്പെട്ടിരുന്നു. അക്കാലത്തു നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരും യിസ്രായേൽ പൌരതയോടു സംബന്ധമില്ലാത്തവരും വാഗ്ദത്തത്തിന്റെ നിയമങ്ങൾക്കു അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്നു ഓർത്തുകൊൾവിൻ. മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തുയേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായി തീർന്നു'' (എഫെസ്യർ 2:11-13) ''ആരും നിങ്ങളെ ചതിക്കരുത്, ഈ വക നിമിത്തം അല്ലൊ ദൈവകോപം അനുസരണം കെട്ടവരുടെ മേൽ വരുന്നു; ഇപ്പോഴോ കർത്താവിൽ വെളിച്ചമാകുന്നു. കർത്താവിനു പ്രസാദമായതു എന്തെന്നു പരിശോധിച്ചുകൊണ്ട് വെളിച്ചത്തിലുള്ളവരായി നടന്നുകൊൾവിൻ (എഫെസ്യർ 5;6-9). ആകയാൽ ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, ദുർമ്മോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം ഇങ്ങനെ, ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിപ്പിൻ. ഈ വക നിമിത്തം ദൈവകോപം അനുസരണം കെട്ടവരുടെ മേൽ വരുന്നു. അവയിൽ ജീവിച്ചിരുന്ന കാലം നിങ്ങളും മുമ്പെ ഇവയിൽ നടന്നു പോന്നു. ഇപ്പോഴോ നിങ്ങളും കോപം, ക്രോധം, ഈർഷ്യ, വായിൽ നിന്നു വരുന്ന ദൂഷണം, ദുർഭാഷണം ഇവയൊക്കെയും വിട്ടു കളവിൻ. തെസലൊനിക്യയിലുണ്ടായിരുന്നവർ ഒരിക്കൽ വിഗ്രഹത്തെ സേവിച്ചിരുന്നവരായിരുന്നു. എന്നാൽ അവർ പിന്നീട് ജീവനുള്ള സത്യ ദൈവത്തിങ്കലേക്ക് തിരിഞ്ഞു വന്നു.

ക്രിസ്തീയ ജീവിതം ആരംഭിക്കുന്നതിനു മുൻപും പിൻപും പ്രത്യക്ഷമായ ഒരു വ്യത്യാസം സംഭവിച്ചിട്ടുള്ളതായി പരിശോധിച്ചാൽ വ്യക്തമാകും. കഴിഞ്ഞു പോയ കാലഘട്ടത്തിലെ നടപ്പിൽ നിന്നും വ്യത്യസ്ഥമായ ഒന്നാണ് പുതിയ ജീവിതത്തിൽ ഉണ്ടാകുന്നത്. ''വെളിച്ചത്തി

ന്റെ മക്കളായി നടപ്പിൻ'' എന്നു അപ്പൊസ്തലനായ പൌലൊസ് പ്രസ്താവിച്ചിരിക്കുന്നു (എഫെസ്യർ 5:8). അനുസരണക്കേടിന്റെ മക്കളിൽ നിന്നും വേർതിരിച്ചറിയാവുന്ന കാര്യങ്ങൾ ഇവിടെ നമുക്കു കാണാൻ കഴിയും. ദൈവകുഞ്ഞാടിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട് യഥാർത്ഥ ക്രിസ്ത്യാനിയായി തീർന്ന ഒരാളിൽ ദർശിക്കാൻ കഴിയുന്നതു ഈ വ്യത്യാസമാണ്.

ഒരു ദൈവപൈതൽ വിലയ്ക്കു വാങ്ങപ്പെട്ടവനാണ്. ക്രിസ്തുവാണ് അതിനു വിലകൊടുത്തത്. ക്രൂശിലെ മരണം അതിനു അനിവാര്യമായി തീർന്നു. അങ്ങനെ ഒരു പുതിയ ഉടമസ്ഥാവകാശത്തിൻ കീഴിലേക്ക് അവൻ മാററപ്പെട്ടു. അവൻ ദൈവത്തിനും ക്രിസ്തുവിനും ഉള്ളവനായി തീർന്നു. ക്രിസ്തു വെളിച്ചമായിരിക്കുന്നതു പോലെ, അവൻ വെളിച്ചത്തിന്റെ മകനായി സഞ്ചരിക്കണം. കർത്താവ് പറഞ്ഞിരിക്കുന്നതു വായിക്കാം. "അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ (മത്തായി 5:15). താൻ ഇപ്പോൾ മറെറാരു ആധിപത്യത്തിനു കീഴിലാണെന്ന് തിരിച്ചറിയാവുന്ന വ്യക്തിയെയാണ് പരിചയപ്പെടുത്തുന്നതു. സാത്താന്റെ അടിമത്വത്തിൽ നിന്നു ദൈവത്തിലേക്ക് തിരിഞ്ഞുവന്ന ഒരാൾ തന്റെ മനസ്സും ചിന്തയും, ഊർജ്ജവും എല്ലാം ഉപയോഗിക്കുന്നതു ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു വേണ്ടിയായിരിക്കും.

നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ നിങ്ങൾ എന്റെ കല്പനകളെ കാത്തുകൊള്ളും എന്നു ക്രിസ്തു പറയുകയുണ്ടായി (യോഹന്നാൻ 14:15). അവന്റെ കല്പനകൾ പ്രമാണിക്കുന്നതല്ലൊ ദൈവത്തോടുള്ള സ്നേഹം. അവന്റെ കല്പനകൾ ഭാരമുള്ളവയല്ല (1 യോഹന്നാൻ5:3) എപ്പോഴാണ് കർത്താവിന്റെ കല്പനകൾ ഭാരമുള്ളവയാ

യി തോന്നുന്നതു? ഒരാൾ തൻെറ സ്വന്ത അഭിപ്രായത്തിനു ഊന്നൽ കൊടുക്കുമ്പോൾ, സ്വന്ത വഴിയിൽ സഞ്ചരിപ്പാൻ ആഗ്രഹിക്കുമ്പോൾ, ദൈവം നമ്മെ കുറിച്ച് കരുതുന്നുണ്ടെന്നും സ്നേഹിക്കുന്നുണ്ടെന്നും ഉള്ള കാര്യം മറക്കുമ്പോൾ ദൈവത്തിൻെറ അരുളപ്പാടുകൾ ഘനമേറിയതായി തോന്നും. ഇങ്ങനെ പോകുന്നവർ കഷ്ടവും ദുരിതവും അനുഭവിക്കേണ്ടി വരും പക്ഷെ ദൈവത്തെ പിൻപററുന്നവർക്കോ എന്താണുണ്ടാകുന്നത്? എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയ പ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നേ, സകലവും നന്മക്കായി കൂടെ വ്യാപരിക്കുന്നു എന്നു നാം അറിയുന്നു. (റോമർ 8:28). ക്രിസ്തുവിലുള്ള കാഴ്ച്ച നഷ്ടപ്പെടുന്നതുകൊണ്ട് അവൻെറ കല്പനകൾ കഠിനമായി തോന്നുന്നു.

ദൈവത്തിലായി തീരുന്നതിനു മുൻപും തീർന്നശേഷവും ദൈവമായ കർത്താവിനെ ഓരോരുത്തരും പൂർണ്ണ ഹൃദയത്തോടെ പൂർണ്ണാത്മാവോടെ, പൂർണ്ണശക്തിയോടെ സ്നേഹിക്കണം (മത്തായി 22:37). ഇദം പ്രഥമമായി ദൈവത്തെ സ്നേഹിക്കണം എന്ന ആശയമാണ് മുമ്പെ ദൈവരാജ്യവും അവൻെറ നീതിയും അന്വേഷിക്കുക എന്നതിൽ അടങ്ങിയിരിക്കുന്നതു (മത്തായി 6:33). ഏററവും കൂടുതലായി ഒരാൾ ദൈവത്തെ സ്നേഹിക്കണം. വാക്കിനാലും ക്രിയയാലും ചിന്തയാലും ദൈവത്തിനു മഹത്വം കൊടുക്കണം എന്ന ഉദ്ദേശമായിരിക്കണം ഉണ്ടായിരിക്കേണ്ടതു. അബ്രഹാമിനെ ദൈവം മനസിലാക്കി പറയുന്നതു ഇപ്രകാരമായിരുന്നു. ''യഹോവ അബ്രഹാമിനെ കുറിച്ച് അരുളിച്ചെയ്തതു അവനു നിവർത്തിച്ചു കൊടുപ്പാൻ തക്കവണ്ണം അബ്രഹാം തൻെറ മക്കളേയും തനിക്കു പിമ്പുള്ള കുടുംബത്തോടും നീതിയും ന്യായവും പ്രവർത്തിച്ചുകൊണ്ടു യഹോവയുടെ വഴിയിൽ നടപ്പാൻ കല്പിക്കേണ്ടതിനു ഞാൻ അവനെ തിരഞ്ഞെടുത്തിരിക്കുന്നു'' (ഉല്പത്തി 18:19).

(ശേഷം അടുത്ത ലക്കത്തിൽ)

★

കവിത

# നീതിയിൻ സൂര്യൻ

E.K. കൊച്ചുകുഞ്ഞ്, തേപ്പുപാറ

''അർക്കനുദിക്കുകിൽ വിശ്വംബരേശ്വരി,
മിന്നിയും വീശിയും സുന്ദരിയാണുപോൽ.
ചക്രവാളത്തിനും അപ്പുറം നോക്കിയാൽ,
കുങ്കുമപ്പൊട്ടൊളി മിന്നിത്തിളങ്ങുമേ.

ചേററിലെ താമര പുഞ്ചിരിതൂകുന്നു,
പിച്ചിയും റോസയും മുല്ലകളങ്ങനെ.
വെട്ടിതിളങ്ങുന്ന കുട്ടികളെപ്പോലെ,
കണ്ടാൽകൊതിക്കുമേ അഴകുള്ളപൂവേ.

കുഞ്ഞിളം കാട്ടിലെ കുഞ്ഞിക്കുരുവിയോ,
കൊത്തിപ്പെറുക്കുന്നു നെൽമണിമുത്തിനെ.
തന്നിരതേടുന്ന കാട്ടിലെകൂട്ടങ്ങൾ,
അർക്കനെ നോക്കിചിരിക്കുന്നു നിത്യവും.

ഭീതിയാം കൂരിരുൾ മാറുന്നഭൂമിയോ,
പാടിസ്തുതിക്കുന്നു നിത്യവും നിത്യവും.
സൂര്യകിരണമോ തട്ടുററു മുട്ടുന്നു,
ചക്രവാളത്തിനും അപ്പുറമെത്തുന്നു.

സൃഷ്ടികർത്താവിൻെറ സൃഷ്ടിയിൽ പെടുന്ന
സൂര്യനുദിക്കുകിലിങ്ങനെയാണെങ്കിൽ.
നീതിയാംസൂര്യനോ നേരിട്ടുദിക്കുമ്പോൾ,
എങ്ങനെയെന്നതും ആരറിയുന്നുവോ.

കൽക്കരികട്ടകൾ വൈഡൂര്യമാകുമേ,
തങ്കംപൊതിഞ്ഞുള്ള തങ്കദ്ധരിത്രിയിൽ.
മിന്നിയും വീശിയും വെട്ടംപകരുമേ,
ആയിരം വിണ്ണുഷസ്സുവന്നടുത്തിടുമേ.

''നീതിയിൻ സൂര്യൻെറ വെട്ടംപകർന്നാലോ,
നവരത്നകല്ലുകൾ മങ്ങിക്കഴിയുമേ,
കള്ളവും കൊള്ളിയും പമ്പകടക്കുമേ,
സത്യവും നീതിയും എങ്ങുംനടക്കുമേ.

★

# ക്രിസ്തീയ ഭാര്യയ്ക്കുള്ള ദൈവീക മാതൃക

**തങ്കം വർഗീസ്**

ഒരു ക്രിസ്തീയ ഭാര്യയ്ക്ക് ദൈവം ഒരു മാതൃക തന്റെ വചനത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. ആ മാതൃക നാം പിൻ പററുകയാണെങ്കിൽ യഥാർത്ഥത്തിൽ നാം സന്തോഷമുള്ള ഒരു നല്ല ഭാര്യയായിരിക്കും.

ഉല്പത്തി 2:18-ൽ "അനന്തരം യഹോവയായ ദൈവം മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല, ഞാൻ അവന് തക്കതായ ഒരു തുണ ഉണ്ടാക്കി കൊടുക്കും". അപ്പോൾ സ്ത്രീയെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് അവളുടെ ഭർത്താവിനെ സകല വിധത്തിലും സഹായിക്കുവാൻ വേണ്ടിയാണ്. ഭൗതികമായാലും ആത്മീകമായാലും ആ കടപ്പാടുകളിൽ നിന്ന് ഒഴിഞ്ഞു മാറുവാൻ സാദ്ധ്യമല്ല.

കുടുംബപരമായ ഉത്തരവാദിത്വങ്ങൾ, വീട് സംരക്ഷണം, പാചകം, സാമ്പത്തികം, കുട്ടികളെ ശരിയായ രീതിയിൽ വളർത്തുക, മാതാപിതാക്കളെ പരിചരിക്കുക, ഭർത്താവിന്റെ കാര്യങ്ങളിൽ ശ്രദ്ധ തുടങ്ങി ഒട്ടനവധി കാര്യങ്ങളിൽ ഒരു ഭാര്യ അതീവ ശ്രദ്ധാലു ആയിരിക്കണം. നിസ്വാർത്ഥമായ സേവനമാണ് ദൈവം നമുക്ക് കാണിച്ചു തന്നിരിക്കുന്നത്. അതുകൊണ്ട് തീത്തോസ് 2:4-6 വരെയുള്ള വാക്യങ്ങളിൽ പൗലോസ് അപ്പൊസ്തലൻ ഇപ്ര

കാരം പ്രബോധിപ്പിക്കുന്നു യൌവനക്കാരത്തികളെ ഭർത്തൃപ്രിയരും, പുത്രിപ്രിയമാരും, സുബോധവും, പാതിവ്രത്യവുമുള്ളവരും, വീട്ടുകാര്യം നോക്കുന്നവരും, ദയമുള്ളവരും, ഭർത്താക്കന്മാർക്ക് കീഴ്പ്പെട്ടവരും ആയിരിപ്പാൻ ശീലിപ്പിക്കേണ്ടതിനു നന്മ ഉദ്ദേശിക്കുന്നവരായിരിക്കേണം.

ദൈവീക പദ്ധതി പ്രകാരം 1 കൊരിന്ത്യർ 7:2-6 വരെയുള്ള വാക്യങ്ങൾ നാം വായിക്കുന്നത് "എങ്കിലും ദുർന്നടപ്പ് നിമിത്തം ഓരോരുത്തന് സ്വന്ത ഭാര്യയും ഓരോരുത്തിക്ക് സ്വന്ത ഭർത്താവും ഉണ്ടായിരിക്കട്ടെ. ഭർത്താവ് ഭാര്യയ്ക്കും ഭാര്യ ഭർത്താവിനും കടപ്പെട്ടിരിക്കുന്നത് ചെയ്യട്ടെ. ഭാര്യയുടെ ശരീരത്തിൻമേൽ അവൾക്കല്ല ഭർത്താവിനത്രേ അധികാരമുള്ളത്. അങ്ങനെ ഭർത്താവിന്റെ ശരീരത്തിൻമേൽ അവനല്ല ഭാര്യയ്ക്കത്രേ അധികാരം. പ്രാർത്ഥനയ്ക്ക് അവസരം ഉണ്ടാകാൻ ഒരു സമയത്തേക്ക് പരസ്പരസമ്മതത്തോടെ അല്ലാതെ തമ്മിൽ വേർപെട്ടിരിക്കരുത്. സ്നേഹത്തിന്റെ ഊഷ്മളത കൈവരിക്കുന്നതു ശാരീരികവും മാനസികവുമായ സാമീപ്യത്തിലൂടെയാണ്, ആത്മികമായ സന്തോഷമുള്ള ഒരു വ്യക്തിയിൽ ശാരീരികമായ സന്തോഷം പ്രതിഫലിപ്പിക്കുവാൻ കഴിയും.

സ്നേഹത്തിലൂടെയുള്ള ആത്മീകമായ വളർച്ചയിൽ ആണ്. ദൈവം നമ്മളിൽ പ്രസാദിക്കുന്നത് ജെരോമി ടെയ്ലർ എന്ന മഹാൻ വിവാഹത്തെ വിശേഷിപ്പിക്കുന്നതു "Marrige is the Nursery of Heaven" എന്നാണ് വിവാഹത്തിലൂടെ ദൈവം നമുക്ക് വിഭാവനം ചെയ്തിരിക്കുന്ന അനേകം നന്മകൾ ദൈവത്തിൽ നിന്ന് ലഭിക്കുന്നു. അതുകൊണ്ടാണ് ദൈവം പറഞ്ഞിരിക്കുന്നത് വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവും ആയിരിക്കട്ടെ! എന്ന്.

ഒരു ക്രിസ്തീയ ഭാര്യ എപ്രകാരമായിരിക്കണമെന്ന് പുതിയ നിയമത്തിൽ തന്നെ കുറഞ്ഞത് ആറു പ്രാവശ്യമെങ്കിലും നാം വായിക്കുന്നുണ്ട്. 1 പത്രൊസ് 3:6 അങ്ങനെ സാറ അബ്രഹാമിനെ യജമാനൻ എന്നു വിളിച്ച് അനുസരിച്ചിരുന്നു. എഫെസ്യർ 5:22,24,33-ൽ ഭാര്യമാരെ കർത്താവിന് എന്നപോലെ സ്വന്തം ഭർത്താക്കന്മാർക്ക് കീഴടങ്ങുവിൻ സഭ ക്രിസ്തുവിന് കീഴടങ്ങിയിരിക്കുന്നതുപോലെ ഭാര്യമാരും ഭർത്താക്കന്മാർക്ക് സകലത്തിലും കീഴടങ്ങിയിരിക്കണം. ഭാര്യയോ ഭർത്താവിനെ ഭയപ്പെടേണ്ടതാകുന്നു. കൊലോസ്യർ 3:18-ൽ ഭാര്യമാരെ, നിങ്ങളുടെ ഭർത്താക്കന്മാർക്ക് കർത്താവിൽ ഉചിതമാകും വണ്ണം കീഴടങ്ങുവിൻ. 1 തിമൊഥെയോസ് 3:18-ൽ അവ്വണ്ണം സ്ത്രീകളും ഘനശാലികളായി ഏഷണി പറയാതെ നിർമ്മദരും എല്ലാററിനും വിശ്വസ്തരുമായിരിക്കേണം. ഈ ദൈവീക ഗുണങ്ങൾ നാം അനുകരിക്കുമ്പോൾ നാം നമ്മളെ തന്നെ നല്ല നിലയും ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ നല്ല പ്രാഗത്ഭ്യവും സമ്പാദിക്കുന്നു.

ദൈവീക നിർണ്ണയ പ്രകാരം 1 കൊരിന്ത്യർ 7:11-ൽ ഭാര്യ ഭർത്താവിനെ വേർപിരിയരുത്. പിരിഞ്ഞു എന്നു വരികിലോ വിവാഹം കൂടാതെ പാർത്തുകൊള്ളേണം. എന്നാൽ സമാധാനത്തോടെ ജീവിപ്പാൻ ദൈവം നമ്മെ വിളിച്ചിരിക്കുന്നു.

ആ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കി ക്രിസ്തീയ വെളിച്ചം പകരുന്നവരായിരിപ്പാൻ ദൈവം നമ്മളെ ഓരോരുത്തരേയും സഹായിക്കുമാറാകട്ടെ.

★

# ബൈബിളിനോടുള്ള മനോഭാവം

## ജെറി മനാസ്കൊ

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

ബൈബിളിലെ പുതിയ നിയമത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ ഒതുങ്ങി നില്ക്കുവാൻ നമുക്ക് കഴിയണം. എഴുതിയിരിക്കുന്നതിനു അപ്പുറം ഭാവിക്കാതിരിപ്പാൻ എന്തുകൊണ്ട് ശ്രമിച്ചുകൂടാ. സങ്കീർത്തനങ്ങളാലും സ്തുതികളാലും തമ്മിൽ പ്രബോധിപ്പിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കൊണ്ടിരിപ്പിൻ (എഫെസ്യർ 5:19). ദൈവ വചനത്തെ ആദരിക്കുകയും അതിനെ മലിനപ്പെടുത്താതിരിക്കയും ചെയ്യുന്നതു ദൈവത്തോടു നീതി പുലർത്തുന്ന പ്രവണതയാണ്. വചനത്തെ നിന്ദിക്കുന്നവൻ അതിനു ഉത്തരവാദി (സദൃശ വാക്യങ്ങൾ 13: 13).

ബൈബിൾ പ്രബോധനത്തെ നിന്ദിക്കുന്നവർ ഉണ്ട്. ഉചിതമായ സ്വാധീനത്തെ തിരുവചനം എടുത്തു കാണിക്കുന്നുണ്ട്. ഇതു അവർക്കു ബാധകമല്ല എന്ന തോന്നലാണ്. സമയവും കാലവുമെല്ലാം മാറിയതോടെ ഇത്തരം നിയമങ്ങൾക്കും മാററം വേണമെന്നാണ് അവർ ചിന്തിക്കുന്നത്. എങ്ങനെയായാലും വേദ പുസ്തകത്തിനോ അതിലെ നിബന്ധനകൾക്കോ ഇന്നും മാററം വരുത്തിയിട്ടില്ല. ദൈവത്തിൻെറ ഹിതം വെളിപ്പെടുത്തി കഴിഞ്ഞിരിക്കുകയാണ്. ഞായറായ്ച്ച കൂടിവരുന്നതിനും ആരാധിക്കുന്നതിനും ധാരാളം അംഗങ്ങൾ തയ്യാറാകുന്നു. പക്ഷെ ഇടക്കുള്ള ബൈബിൾ പഠനം അപ്രധാനമായി തള്ളികളയുന്നു. ദൈവ വചനത്തെ നിഷേധിക്കുന്നതു ദൈവത്തെ നിഷേധിക്കുന്നതിനു തുല്യമാണ്.

വചനത്തെ അല്ലെങ്കിൽ ഏതെങ്കിലും വേദഭാഗത്തെ സന്ദർഭത്തിനു യോജിക്കാത്ത വിധത്തിൽ വഴി മാറി സഞ്ചരിക്കുന്ന വിധത്തിൽ പ്രസംഗിക്കുന്നവരുണ്ട്. ദൈവശ്വാ

സിയരായ എഴുത്തുകാരുടെ ലക്ഷ്യത്തെ തെററിക്കുന്നവരാണ് ഇവർ. ഇതിൽ പ്രഗത്ഭൻ പിശാചാണ്. അവൻ യേശുവിന്റെ അടുത്തുവന്നതു വേദഭാഗത്തെ കാണിച്ചുകൊണ്ടാണ് ദേവാലയ ഗോപുര മുകളിൽ നിന്നു ചാടിയാലും ദൂതന്മാർ നിന്നെ താങ്ങികൊള്ളും. നീ ദൈവ പുത്രനെങ്കിൽ ചാടുക എന്നു പറഞ്ഞു. നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുതു എന്നു കൂടെ എഴുതിയിരിക്കുന്നുവല്ലൊ എന്നു കർത്താവു പറഞ്ഞു (മത്തായി 4.5,7). ദൈവ വചനത്തെ കോട്ടി മാററി സ്വാർത്ഥ താല്പര്യങ്ങൾക്കനുസരിച്ച് ഉപയോഗിക്കുവാൻ ആളുകളെ വിലയ്ക്കു എടുക്കുന്നവരും ഉണ്ട്.

ഒരാൾ തെററിൽ തന്നെ ജീവിക്കാൻ താല്പര്യപ്പെടുമ്പോൾ അയാൾ ബൈബിളിനെ അവഗണിക്കും. യിരെമ്യാവിന്റെ കാലത്തു രാജാവായിരുന്ന യെഹോയാക്കിം യെഹോവയുടെ വചനങ്ങൾ ആയിരുന്ന പുസ്തകച്ചുരുൾ തീയിൽ ഇട്ടു ചുട്ടുകളഞ്ഞതുകൊണ്ടു അതിന്റെ ശിക്ഷ അവനു ദൈവത്തിൽ നിന്നു കിട്ടി (യിരെമ്യാവ് 36). ദൈവത്തിന്റെ വെളിപ്പാടിനോടുള്ള മനുഷ്യരുടെ മനോഭാവം എന്താണ് അതനുസരിച്ചുള്ള പ്രതിഫലമുണ്ട്.

ദൈവത്തിന്റെ പ്രവാചകനോടു പ്രവചിക്കരുതു എന്നു പറഞ്ഞ രാജാവായിരുന്നു. അവൻ വ്യാജപുരോഹിതനായി അമസ്യാവാണ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചതു (ആമോസ് 7:10-13). ഇസ്രായേൽ ജനം വിചാരിച്ചതു പ്രവാചകർ തങ്ങളുടെ പ്രസംഗം നിർത്തിയാൽ വരുവാനുള്ള ന്യായവിധി ഒഴിഞ്ഞു പോകും എന്നാണ് (യെശയ്യാവ് 30:8-10).

ബൈബിളിനെ ചില ആളുകൾ നേരിട്ടു എതിർക്കുന്നില്ലായിരിക്കാം. എന്നാൽ അവരുടെ പാരമ്പര്യ പ്രവർത്തനങ്ങൾ വചന വിരുദ്ധമാണെന്നു അവരെ ഓർമ്മിപ്പിച്ചാൽ അതിനെ ന്യായീകരിക്കാൻ ഏതെങ്കിലും വേദഭാഗത്തെ ഉപയോഗിക്കും. ഉദാഹരണമായി ശിശു സ്നാനം മാനു

ഷിക പാരമ്പര്യമായ ഒന്നാണ്. ബൈബിളിൽ ഒരിടത്തും കുട്ടികളെ സ്നാനപ്പെടുത്തുവാൻ പറഞ്ഞിട്ടില്ല. മറിച്ച് വിശ്വാസം, മാനസാന്തരം, ഏററു പറച്ചിൽ എന്നിവ ചെയ്യുവാൻ കഴിവുള്ളവർക്കാണ് സ്നാനം. കർത്താവിൻെറ കല്പനകൾ അനുസരിക്കുന്നവരെ അവൻ രക്ഷിക്കയും തൻെറ സഭയോടു ചേർക്കുകയും ചെയ്യുന്നു. ഈ സത്യ വചനത്തെ നിന്ദിക്കാതെ അത് അനുസരിക്കുവാൻ തക്ക വിശ്വാസം നിങ്ങളിൽ ഉണ്ടാകട്ടെ.

★

# വ്യാകുലതയിന്മേൽ വ്യാകുലത

**അലെൻ വെബ്സ്ററർ**

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

ദൈവത്തിൻെറ നിഴലിൽ ആശ്രയം വെക്കുന്നവരുടെ പ്രശ്നങ്ങൾ ലഘൂകരിക്കുന്നതു കാണാം. മാർത്ത എന്ന സ്ത്രീ പലതിനെച്ചൊല്ലി വിചാരപ്പെട്ടിരുന്നു. നല്ല അംശം തിരഞ്ഞെടുക്കാത്തതുകൊണ്ടാണ് അങ്ങനെ സംഭവിച്ചതു. യെശയ്യാ പ്രവാചകൻ നല്കുന്ന സന്ദേശം സ്പഷ്ടമാണ്. സ്ഥിരമാനസൻ നിന്നിൽ ആശ്രയം വെച്ചിരിക്കകൊണ്ടു നീ അവനെ പൂർണ്ണ സമാധാനത്തിൽ കാക്കും (യെശയ്യാവ് 26:3).

മനുഷ്യർക്കു ചെയ്യാൻ കഴിയുന്നതിനു പരിധിയുണ്ട്. ദൈവത്തിനോ പരിധിയില്ല (റോമർ 8:28; എഫെസ്യർ 3:20). എൻെറ പ്രശ്നം എനിക്ക് വലുതാണ്, പക്ഷെ ദൈവത്തിനു നിസാരമാണ്. കടും കെട്ടു വീണ ഷൂസിൻെറ ലെയിസ് അഴിക്കുക കുട്ടിക്ക് വളരെ പ്രയാസമാ

ണ്. പക്ഷേ പ്രായമുള്ളവർ അതു പെട്ടെന്നു അഴിക്കും. സർവ്വശക്തനായ ദൈവം, നമ്മുടെ ബുദ്ധിമുട്ടുകൾ വളരെ എളുപ്പത്തിൽ നീക്കംചെയ്യും.

ദൈവം ക്രിസ്ത്യാനികൾക്കു നല്കിയിട്ടുള്ള വാഗ്ദാനങ്ങൾ വിശ്വസിച്ചാൽ വിചാരപ്പെടേണ്ടതില്ല. എന്നാൽ ആദ്യം അവൻെറ രാജ്യവും നീതിയും അന്വേഷിക്കണം. അതോടു കൂടെ എല്ലാം നമുക്കു കിട്ടും എന്നാണ് വാഗ്ദാനം. ദൈവത്തിനു ഭോഷ്ക് പറയുവാൻ സാദ്ധ്യമല്ല; അവൻ വിശ്വസ്തനാണ്; വാക്കു മാറാത്തവനാണ്. അതുകൊണ്ടു എല്ലാററിലും ഉപരിയായി, ആദ്യമായി ദൈവത്തിനു സ്ഥാനം കൊടുക്കുക. ഓരോ ദിവസവും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ ദൈവത്തിനു അവസരം കൊടുക്കുക. നാളെയെ കുറിച്ച് വിചാരപ്പെട്ടു സമയം നഷ്ടപ്പെടുത്താതിരിക്കുക.

യേശുക്രിസ്തു ഈ വിഷയത്തെ അവസാനിപ്പിക്കുന്നതു: അതുകൊണ്ടു നാളെക്കായി വിചാരപ്പെടരുത് നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലൊ. അതതു ദിവസത്തിനു അന്നന്നത്തെ ദോഷം മതി എന്നു പറഞ്ഞുകൊണ്ടാണ് (മത്തായി 6:34). ഇന്നലെയെ കുറിച്ചോ നാളെയെ കുറിച്ചോ വിചാരപ്പെടാതെ ഇന്നു ചെയ്യാൻ പററുന്ന കാര്യങ്ങൾ ചെയ്യുക. മനസ് ദൈവത്തിൽ സ്ഥിരമായി ഉറപ്പിക്കുക. ഒന്നിനെ കുറിച്ചും വിചാരപ്പെട്ടു മനസിനെ അലട്ടാതിരിക്കുക.

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9.00 to 9.15 P.M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12 45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2.30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5.30 to 5.45 P.M.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker : Robert

Rathnakar—Box. 448, Bangalore—560004
Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

## GOSPEL MEETINGS

Hear: Bro. J. C. CHOATE (Voice of Truth International Radio Speaker, U.S.A)

ON : April 15th Tuesday to 17th Thursday at 6.30 p. m.

AT : CHURCH OF CHRIST BUILDING, Behind Sanskrit College Palayam, Trivandrum.

V. B. S. For Children and Special Meetings for Ladies : Sis. Betty Choate (U. S. A)

JOIN US WITH FAMILY & FRIENDS

ALL ARE WELCOME

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695 034
Phone : 443378

To